**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3887** **09-10-2025 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നികത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിൽ നിലവിൽ എ.എം.വി.ഐ. മുതൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ വരെയുള്ള തസ്തികകളിലെ ഒഴിവുകൾ തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | (എ) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ - 25, എം.വി.ഐ – 11, ജോയിന്റ് ആർ.ടി.ഒ - 3 (1 LPR ഒഴിവ് ഉൾപ്പെടെ), ആർ.ടി.ഒ - 1 (1 LPR ഒഴിവ്), ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) - 1 എന്ന തരത്തിൽ മോട്ടോർ വാഹന വകുപ്പിൽ ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ 25 ഒഴിവുകളിൽ 8 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>7 ഒഴിവുകൾ സസ്പെൻഷൻ മൂലമുണ്ടായ ഒഴിവുകളും, 5 ഒഴിവുകൾ തസ്തികമാറ്റം വഴി നികത്താനായി മാറ്റി വച്ചവയും, 3 ഒഴിവുകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായുള്ളതും, 2 ഒഴിവുകൾ എൻ.ജെ.ഡി ഒഴിവുകളുമാണ്.<br><br>മോട്ടോർവെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ 11 ഒഴിവുകളിൽ 5 ഒഴിവുകൾ സസ്പെൻഷൻ മൂലമുണ്ടായ ഒഴിവുകളാണ്. |

സെക്ഷൻ ഓഫീസർ